# p k s



# പട്ടികജാതി ക്ഷേമസമിതി

## പരിപാടി ഭരണഘടന

# പി കെ എസ്

# പട്ടികജാതി ക്ഷേമസമിതി

# പരിപാടി ഭരണഘടന

**pks**
**pattikajathi shemasamithi**
**paripadi bharanakhadana**

•

*first edition*
March 2015

•

*published*
chintha publishers, thiruvananthapuram

•

*typesetting*
star communications, thiruvananthapuram

•

*printed*
akshara offset, thiruvananthapuram

•

*cover*
midas

•

*price*
rupees twenty only

Rights reserved

---

*വിതരണം*

**ദേശാഭിമാനി ബുക്ക് ഹൗസ്**

H O തിരുവനന്തപുരം–695 035
Ph: 0471-2303026, 6063020
www.chinthapublishers.com
chinthapublishers@gmail.com

*ബ്രാഞ്ചുകൾ*

ഹെഡ്ഡാഫീസ് ബ്രാഞ്ച് കുന്നുകുഴി • സ്റ്റാച്യു തിരുവനന്തപുരം • കെ എസ് ആർ ടി സി ബസ് സ്റ്റേഷൻ ആലപ്പുഴ • കെ എസ് ആർ ടി സി ബസ് സ്റ്റേഷൻ എറണാകുളം • ചിറ്റൂർ റോഡ് എറണാകുളം • മച്ചിങ്ങൽ ലെയ്ൻ തൃശൂർ • ഐ ജി റോഡ് കോഴിക്കോട് • കെ എസ് ആർ ടി സി ബസ് സ്റ്റേഷൻ കോഴിക്കോട് • എൻ ജി ഒ യൂണിയൻ ബിൽഡിങ് കണ്ണൂർ • സെൻട്രൽ ബസ് ടെർമിനൽ കോംപ്ലക്സ് താവക്കര കണ്ണൂർ

---

CO - 2140 / 3594

# പി കെ എസ്

# പട്ടികജാതി ക്ഷേമസമിതി

## പരിപാടി

## ഭരണഘടന

ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം-695 035
വില: ₹ 20

pks
shamasamithi
bhimaprkhedana
first edition
March 2015
*
published
chintha publishers, thiruvananthapuram
*
typesetting
star compugraphics, thiruvananthapuram
*
printed
akshara offset, thiruvananthapuram
*
cover
[illegible]
*
price
rupees twenty only

Rights reserved

വിതരണം
ചിന്ത പബ്ലിഷേഴ്സ്
H O തിരുവനന്തപുരം-695 035
Ph: 0471-2303026, 6063020
www.chinthapublishers.com
chinthapublishers@gmail.com

ശാഖകൾ
[illegible]

# പട്ടികജാതി ക്ഷേമസമിതി

## പരിപാടി

### ആമുഖം

1.1 കേരളീയ ജനതയുടെ പുരോഗമനപരവും സാമ്രാജ്യത്വ വിരുദ്ധവും ജാതിവിരുദ്ധവും വിപ്ലവകരവുമായ പാരമ്പര്യത്തെയാണ് പട്ടിക ജാതിക്ഷേമസമിതി ഉൾക്കൊള്ളുന്നത്. അടിസ്ഥാനപരമായ സാമൂഹ്യപരിവർത്തനത്തിനുവേണ്ടി പോരാടുകയെന്നത് പി കെ എസിന്റെ പരമപ്രധാന ലക്ഷ്യമാണ്. ജാതീയമായ അടിച്ചമർത്തലിൽനിന്നും പീഡനങ്ങളിൽനിന്നും വർഗ്ഗചൂഷണത്തിൽനിന്നും മുക്തമായ ഒരു സാമൂഹ്യവ്യവസ്ഥ സ്ഥാപിക്കുന്നതിനുവേണ്ടി പ്രവർത്തിക്കാൻ പി കെ എസ് പ്രതിജ്ഞാബദ്ധമാണ്. ചരിത്രത്തിൽ ലോകത്തിൽ മറ്റൊരിടത്തും സ്ഥാനംപിടിക്കാത്ത ജാതിവ്യവസ്ഥ ഇന്ത്യയിൽ മാത്രമാണുണ്ടായത്. ജാതിവ്യവസ്ഥയാണ് ഇന്ത്യയുടെ ശാപമെന്ന് കാൾ മാർക്സ് പറഞ്ഞിട്ടുണ്ട്. ജാതീയമായ ക്രൂരതയും അവഹേളനവും സഹിക്കവയ്യാതെയാണ് ഡോക്ടർ അംബേദ്കർ ആയിരക്കണക്കിന് അനുയായികളെയും കൂട്ടി മതപരിവർത്തനത്തിന് തയ്യാറായത്. ഈ സംഭവം ഭാരതത്തിൽ നിലനിന്നിരുന്ന ജാതീയ വിവേചനത്തിന്റെയും പീഡനത്തിന്റെയും കാഠിന്യം എത്രമാത്രം തീക്ഷ്ണമായിരുന്നു എന്നതിന്റെ തെളിവാണ്. ആയതിനാൽ ജാതീയമായ വിവേചനത്തിനും ചൂഷണത്തിനുമെതിരെ ഉയർന്നു വരുന്ന എല്ലാ ശബ്ദങ്ങളോടും പി കെ എസ് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

1.2 പ്രാകൃതയുഗത്തിലെ സാമൂഹ്യഘടനയിൽനിന്ന് വർഗ്ഗസമൂഹത്തിലേക്കുള്ള പരിവർത്തനഘട്ടത്തിൽ പാശ്ചാത്യവും പൗരസ്ത്യവുമായ മറ്റ് സമൂഹങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമായ രീതിയിലാണ് ഇന്ത്യൻ സമൂഹം വികാസം പ്രാപിച്ചത്. യൂറോപ്പിലോ ആഫ്രിക്കയിലോ ഏഷ്യയിലെ തന്നെ മറ്റ് രാജ്യങ്ങളിലോ എവിടെയുമാ

കട്ടെ സമൂഹം അടിമകളും ഉടമകളും എന്ന രണ്ടു വിരുദ്ധ ചേരികളിലായി വിഭജിക്കപ്പെടുകയായിരുന്നു. ഇന്ത്യയിലാകട്ടെ ചാതുർവർണ്ണ്യത്തിന്റെ രൂപത്തിലാണ് വർഗ്ഗസമൂഹം നിലവിൽ വന്നത്.

1.3 ആദ്യകാല ഗോത്രസമൂഹങ്ങളിൽത്തന്നെ പ്രാഥമികമായ തൊഴിൽ വിഭജനം നിലവിൽ വന്നിരുന്നതായി കാണാം. നായാടികളിൽനിന്ന് ഇടയജീവിതത്തിലേക്കും, അതിൽനിന്ന് കാർഷിക വൃത്തിയിലേക്കും പുരോഗമിക്കുകയും ഫലഭൂയിഷ്ടമായ നദീതടങ്ങളിൽ കൃഷി ചെയ്ത് സ്ഥിരവാസം തുടങ്ങുകയും ചെയ്യുന്നതോടെ തൊഴിൽ വിഭജനം കൂടുതൽ സൂക്ഷ്മവും സങ്കീർണ്ണവുമായിത്തീർന്നു. മനുഷ്യൻ കൃഷി ചെയ്യാനുള്ള അറിവു സ്വായത്തമാക്കിയതോടെ സ്വകാര്യ സ്വത്തിനുള്ള ത്വരയുടെ ആരംഭം കുറിക്കുന്നതായി ചരിത്രത്തിൽ കാണാൻ കഴിയും.

1.4 കാർഷിക നാഗരികതയിലേക്കു പ്രവേശിച്ച ഇന്ത്യൻ സമൂഹത്തിന്റെ തൊഴിൽ വിഭജനം എന്ന നിലയ്ക്കാണ് ചാതുർവർണ്ണ്യം നിലവിൽ വന്നത്. ബ്രാഹ്മണ (ആരാധന), ക്ഷത്രിയ (അധികാരം), വൈശ്യ കച്ചവടം, ശൂദ്ര (കായികാദ്ധ്വാനം) എന്ന തൊഴിൽ വിഭജനം ക്രമേണ പരമ്പരാഗത കുലത്തൊഴിലായിത്തീരുകയാണ് ചെയ്തത്.

1.5 വർണ്ണാശ്രമം ജാതിവ്യവസ്ഥയുടെ ഒരു രൂപം മാത്രമാണ്. കാർഷിക നാഗരികതയിലേക്കു പ്രവേശിച്ചവർ ഇപ്പോഴും താഴ്ന്ന ജീവിത വ്യവസ്ഥകളിൽ (നായാട്ട്, ഇടയജീവിതം) കഴിയുന്നവരെ അപരിഷ്കൃതരായി കാണുകയും അവരെ വർണ്ണാശ്രമത്തിന് പുറത്ത് "പഞ്ചമരാ"യി കണക്കാക്കുകയും ചെയ്തു. സമൂഹത്തിലെ മഹാഭൂരിപക്ഷം ഈ വിഭാഗമാണ്. ബ്രാഹ്മണമേധാവിത്വത്തിലധിഷ്ഠിതമായ വർണ്ണാശ്രമമാണ് സനാതന ഹിന്ദു ധർമ്മമായി വാഴ്ത്തപ്പെടുന്നത്. ഈ അർത്ഥത്തിൽ പഞ്ചമർ ഹിന്ദുധർമ്മത്തിനു പുറത്തുള്ളവരാണ്. ആദ്യകാല ഇന്ത്യൻ സമൂഹത്തിൽ ചാതുർവർണ്ണങ്ങൾ മേലാളരും പഞ്ചമർ അടിമകളുമായിരുന്നു.

1.6. സാമ്പത്തിക ഘടന മാറുന്നതിനനുസരിച്ച് സാമൂഹികരംഗത്ത് വൈവിദ്ധ്യവല്ക്കരണവും പുതിയ തൊഴിൽ മേഖലകളുടെ ആവിർഭാവവും സംഭവിക്കുന്നു. ഇത് കൂടുതൽ സൂക്ഷ്മമായ തൊഴിൽ വിഭജനത്തിലേക്ക് നയിക്കുന്നു. കായികാദ്ധ്വാനത്തിൽ ഏർപ്പെട്ട കീഴാള സമൂഹത്തിൽ ഇത്തരം തൊഴിൽ വിഭജനം പുതിയ ജാതി സമുദായങ്ങളായാണ് പ്രത്യക്ഷപ്പെടുന്നത്. മറ്റിടങ്ങളിൽനിന്ന് വ്യത്യസ്തമായി തൊഴിൽ വിഭജനത്തെ ജാതിഘടനയിലേക്ക് ഉൾച്ചേർത്ത് നിർത്തിയതിന്റെ അടിസ്ഥാനം ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന സവിശേഷമായ സാമ്പത്തിക ഘടനയാണ്. "സ്വയം സമ്പൂർണ്ണ ഗ്രാമ സമ്പദ് വ്യവസ്ഥ" എന്നാണ് ഇത് അറിയപ്പെട്ടത്. അടിമത്തം, നാടുവാഴിത്തം എന്നീ സാമൂഹ്യവികാസഘട്ടങ്ങളിൽ

മാത്രമല്ല മുതലാളിത്തത്തിന്റെ ആവിർഭാവത്തിനുശേഷം പോലും സ്വയം പര്യാപ്തഗ്രാമം അതിന്റെ പ്രഭാവം നിലനിർത്തി.

1.7 ഗ്രാമസമൂഹത്തിനാവശ്യമായതെല്ലാം അവിടെത്തന്നെ ലഭ്യമാക്കത്തക്കവിധത്തിലാണ് വിവിധ ജാതികുടുംബങ്ങൾക്ക് കുലത്തൊഴിൽ നിശ്ചയിക്കപ്പെട്ടത്. തലമുറതലമുറകളായി ഒരേ കുലത്തൊഴിൽ ചെയ്ത് ഗ്രാമ സ്വാശ്രയ സമ്പദ്ഘടനയെ ആയിരത്താണ്ടുകൾ നിലനിർത്തി.

1.8 ജാതിവ്യവസ്ഥയ്ക്കെതിരെ കലാപമുയർത്തിയ ജൈന ബുദ്ധമതങ്ങൾ കാലക്രമത്തിൽ ഈ ജാതിഘടനയുടെ ഭാഗമായിത്തീർന്നു. സുൽത്താന്മാരും മുഗളന്മാരുമായി ദീർഘകാലമായി അധികാരം കൈകാര്യം ചെയ്ത ഇസ്ലാം മറ്റൊരു സമുദായമായി ഒതുങ്ങിക്കൂടുന്നത് ഈ ഗ്രാമസമ്പദ്വ്യവസ്ഥയുടെ പ്രാമാണികത്വം കൊണ്ടു തന്നെയാണ്.

1.9 യൂറോപ്യൻ മുതലാളിത്തത്തിന്റെ കടന്നുവരവും ആധിപത്യവും ഇന്ത്യൻ സമ്പദ് ഘടനയെ പുറംലോകവുമായി കൂട്ടിക്കെട്ടാനാരംഭിച്ചു. ഇതോടെ ജാതി ജന്മി നാടുവാഴി വ്യവസ്ഥയുടെ അടിത്തറ ഇളകിത്തുടങ്ങി. എന്നാൽ, ഇന്ത്യൻ നാടുവാഴികളുടെ ശക്തമായ ചെറുത്തുനില്പിനെ തുടർന്ന് ബ്രിട്ടീഷ് സാമ്രാജ്യത്വം അവരുമായി സന്ധി ചെയ്തു. പ്രാങ് മുതലാളിത്ത അവശിഷ്ടങ്ങൾക്കുമേൽ ആഘാതമേല്ക്കാതിരിക്കാൻ ശ്രദ്ധിച്ചുകൊണ്ടാണ് തുടർന്നങ്ങോട്ട് ബ്രിട്ടീഷുകാർ ഇന്ത്യയിൽ ഭരണം നടത്തിയത്.

1.10 മുതലാളിത്തം ഉയർത്തിവിട്ട പുത്തനാശയങ്ങൾ ഇന്ത്യൻ നവോത്ഥാനത്തിന് വിത്തിട്ടു. രാജാറാം മോഹൻറോയിയിൽനിന്നാരംഭിച്ച ഇന്ത്യൻ നവോത്ഥാനം ജ്യോതിബാ ഫൂലെയിലേക്കും വി രാമസ്വാമി നായ്ക്കറിലേക്കും ഡോ. അംബേദ്ക്കറിലേക്കും ശ്രീ അയ്യങ്കാളി, ശ്രീനാരായണഗുരു എന്നിവരിലേക്കും പടർന്നുകയറുകയും ജാതി നശീകരണവും ജാതിരഹിതസമൂഹവും എന്ന ലക്ഷ്യം മുന്നോട്ടുവയ്ക്കുകയും ചെയ്തു. ജാതിരഹിതസമുദായം എന്നത് ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ മുദ്രാവാക്യമായി പിന്നീട് ഉയർന്നുവന്നു.

1.11 എന്നാൽ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ നായകത്വം വഹിച്ച വൻകിട ബൂർഷ്വാസി ജാതി-ജന്മി-നാടുവാഴി (പ്രാങ് മുതലാളിത്തം) ഘടനയുമായി സന്ധി ചെയ്യുക എന്ന ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ തന്ത്രം തന്നെയാണ് പിന്തുടർന്നത്. സ്വാതന്ത്ര്യം ലഭിച്ച് പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും സവർണ്ണാധിപത്യ സമൂഹം നിലനില്ക്കുന്നതിന്റെ കാരണവും ഇതുതന്നെയാണ്.

1.12 ശ്രീ വൈകുണ്ഠസ്വാമികൾക്കുശേഷം ശ്രീ അയ്യങ്കാളി, ശ്രീനാരായണഗുരു എന്നിവരോടൊപ്പം പൊയ്കയിൽ അപ്പച്ചൻ, സഹോദരൻ അയ്യപ്പൻ, പണ്ഡിറ്റ് കറുപ്പൻ, വാഗ്ഭടാനന്ദൻ, വക്കം മൗലവി,

വി ടി ഭട്ടതിരിപ്പാട് തുടങ്ങി ഒട്ടേറെപ്പേർ കേരളീയ നവോത്ഥാനത്തിന്റെ നായകസ്ഥാനത്തുണ്ടായിരുന്നു. എൻ എസ് എസും എസ് എൻ ഡി പിയും യോഗക്ഷേമസഭയും സാധുജനപരിപാലനസംഘവുമെല്ലാം അതാത് സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ പൊരുതിയതിനൊപ്പം ജാതികൾ തമ്മിൽ നിലനിന്നിരുന്ന അനാചാരങ്ങൾ ഉപേക്ഷിച്ച് മനുഷ്യരായി മാറാനാണ് ആദ്യകാലത്ത് സമുദായാംഗങ്ങളെ ഉപദേശിച്ചത്.

1.13 ജാതിരഹിത മലയാളി സമൂഹമെന്ന ഈ ആശയത്തെ പ്രയോഗവല്ക്കരിച്ചത് തൊഴിലാളി കർഷക പ്രസ്ഥാനങ്ങളും അവയുടെ നേതൃത്വത്തിൽ നടന്ന വർഗ്ഗസമരങ്ങളുമാണ്. വിദ്യാർത്ഥി–യുവജന സംഘടനകളും പുരോഗമനസാഹിത്യ പ്രസ്ഥാനങ്ങളും മറ്റും ജാതിക്കെതിരായ പൊതുബോധം ഉറപ്പിക്കാൻ സഹായിച്ചു. അനാചാരങ്ങൾക്കെതിരായ പോരാട്ടവും തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള സമരവും യോജിപ്പിക്കാൻ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കു കഴിഞ്ഞു. അനാചാരങ്ങൾക്കെതിരായ പോരാട്ടത്തിനൊപ്പം അവകാശങ്ങൾക്കുവേണ്ടിയുള്ള സമരവും ഒന്നിച്ചു നടത്തേണ്ടതാണെന്ന ബോധം തൊഴിലാളികൾക്കിടയിൽ ഉണ്ടാവുകയും ജന്മി നാടുവാഴിത്ത വ്യവസ്ഥയ്ക്കും ഭരണാധികാരികൾക്കുമെതിരായി വലിയ തൊഴിലാളി പ്രക്ഷോഭങ്ങൾ കേരളത്തെ ഇളക്കി മറിക്കുകയും ചെയ്തു.

1.14 ഭൂപരിഷ്കരണം ജന്മിത്തത്തെ അവസാനിപ്പിച്ചതോടെ ജാതിഘടനയുടെ വേരറുക്കപ്പെട്ടു. ഭൂവികേന്ദ്രീകരണം കുടിയാന്മാരുടെ മാത്രമല്ല തൊഴിലാളി വിഭാഗത്തിന്റെതന്നെ ജീവിതം മെച്ചപ്പെടുത്തി. തീണ്ടലും തൊടീലും അയിത്തവും അനാചാരങ്ങളും വഴി മാറി. വിദ്യാഭ്യാസരംഗത്തുണ്ടായ സാർവ്വത്രിക പുരോഗതി ജാതി ചോദിക്കുന്നതും പറയുന്നതും അനാശാസ്യമാണെന്ന പൊതുബോധം സൃഷ്ടിക്കുന്നതിന് സഹായകമായി.

1.15 ആഗോളവല്ക്കരണത്തിന്റെ വരവ് സാമ്പത്തിക മണ്ഡലത്തിലെന്നപോലെ സാംസ്കാരിക രംഗത്തും പ്രതിലോമപരമായ പ്രത്യാഘാതങ്ങളുണ്ടാക്കി. സാങ്കേതിക വിദ്യയും മറ്റ് വിനിമയ മാധ്യമങ്ങളും വഴി മലയാളികളുടെ ബോധമണ്ഡലത്തെ വലതുപക്ഷവല്ക്കരിക്കുന്നതിന് ബോധപൂർവ്വമായ പ്രചാരണം ആരംഭിച്ചു. പുത്തൻ സാമ്പത്തികനയ സാഹചര്യങ്ങൾ ഒരു പുതിയ സമ്പന്നമദ്ധ്യവർഗ്ഗത്തിന് രൂപം നല്കി. സാമാന്യേന ന്യൂനപക്ഷമായ ഈ ഉപരിവർഗ്ഗത്തിന്റെ ആശയങ്ങൾ സമൂഹത്തിൽ മേധാവിത്വം വഹിക്കാൻ തുടങ്ങി. തുടച്ചു നീക്കപ്പെട്ട അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പുതിയ രീതിയിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. ജാതിമത സംഘടനകൾ രാഷ്ട്രീയ ഭരണമേഖലകളിൽ സമ്മർദ്ദശക്തികളായി ഇടപെടാൻ തുടങ്ങി. വലതുപക്ഷമുന്നണിയുടെ പ്രീണനനയം ഈ കറുത്ത ശക്തികൾക്ക് എല്ലാ പ്രോത്സാഹനവും നല്കി. നവോത്ഥാനകാലത്ത്

തങ്ങളേറ്റെടുത്ത ജാതി നശീകരണം എന്ന ലക്ഷ്യത്തിനു വിപരീതമായി ജാതി പുനഃസ്ഥാപനം എന്ന ലക്ഷ്യപ്രഖ്യാപനമാണ് ഇന്ന് എല്ലാ ജാതി സംഘടനകളും ഏറ്റെടുത്തിട്ടുള്ളത്. സ്വത്വവാദം പോലുള്ള അറുപിന്തിരിപ്പൻ ആശയങ്ങൾ അതിനായി അവർ മുന്നോട്ടു വയ്ക്കുകയും ചെയ്യുന്നു.

1.16 സമൂഹത്തിൽ വ്യത്യസ്ത സ്വത്വങ്ങൾ നിലനില്ക്കുന്നു എന്നത് വസ്തുതയാണ്. മതം, ജാതി, ഭാഷ, ലിംഗം, ദേശം തുടങ്ങി വ്യത്യസ്ത സ്വത്വങ്ങൾ മനുഷ്യവ്യക്തിത്വത്തെ സ്വാധീനിക്കുന്നുണ്ട്. എന്നാൽ ഈ സ്വത്വങ്ങളെല്ലാം മനുഷ്യനെ സങ്കുചിതത്വത്തിലേക്കും സമൂഹത്തെ വിഭജനത്തിലേക്കും നയിക്കുന്നവയാണ്. എല്ലാ സങ്കുചിത സ്വത്വങ്ങൾക്കും മേൽ "വിശ്വമാനവികതയെ" സ്ഥാപിച്ചുകൊണ്ടുമാത്രമേ സമൂഹത്തിൽ ഐക്യവും സമാധാനവും നിലനിർത്താനാവൂ. മുതലാളിത്തം നിലനില്ക്കുന്നിടത്തോളം കാലം എല്ലാ സ്വത്വരൂപങ്ങൾക്കുമതീതമായി കീഴാള ജനതയെയാകെ വർഗ്ഗസമരത്തിൽ അണിനിരത്തിക്കൊണ്ടു മാത്രമേ ഈ ലക്ഷ്യം നേടാനാവൂ. അതിനാൽ എല്ലാ ജാതിസംഘടനകൾക്കും എതിരെ വർഗ്ഗനിലപാട് ഉയർത്തിപ്പിടിക്കാൻ നാം ബാദ്ധ്യസ്ഥരാണ്.

1.17. നവോത്ഥാനവും കീഴാള പ്രസ്ഥാനങ്ങളും ദേശീയ സ്വാതന്ത്ര്യത്തിനുമേൽ നടത്തിയ സമ്മർദ്ദവും സ്വാധീനവുംമൂലമാണ് ആയിരത്താണ്ടുകളായി വർണ്ണാശ്രമികൾ ആട്ടിയകറ്റിയ പഞ്ചമർക്ക് ഇന്ത്യൻ ഭരണഘടന സവിശേഷമായ സംവരണ വ്യവസ്ഥ ഏർപ്പെടുത്തിയതും സംവരണസമുദായങ്ങളുടെ പട്ടികതന്നെ ഭരണഘടനയുടെ ഭാഗമായി അംഗീകരിച്ചതും. ഭരണഘടനാപരമായ പ്രത്യേക അവകാശങ്ങളുള്ള കീഴാള വർഗ്ഗമാണ് ജാതിപ്പേരുകളായി ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് ഇവരെ "പട്ടികജാതി" എന്ന പേരിൽ അറിയപ്പെടുന്നത്. ഇത് പഴയ അർത്ഥത്തിലുള്ള ജാതിപ്പേരല്ല. ഇന്ത്യൻ സമൂഹവികാസത്തിന്റെ സവിശേഷതമൂലം രൂപപ്പെട്ടതും നിലനില്ക്കുന്നതുമായ ഒരു കീഴാളവിഭാഗമാണ്. അതിനാൽ തൊഴിലാളി വർഗ്ഗത്തിലെ ഏറ്റവും അടിസ്ഥാന വിഭാഗമാണിവർ. പട്ടികജാതി ക്ഷേമസമിതി ഒരു ജാതി സംഘടനയല്ല. ജാതി ജന്മി നാടുവാഴി വ്യവസ്ഥയെ പൂർണ്ണമായി തകർക്കാതെ അതിനുമേൽ കെട്ടിപ്പടുക്കപ്പെട്ട സവിശേഷരീതിയിലുള്ള മുതലാളിത്തമാണ് ഇവിടെ നിലനില്ക്കുന്നത്. ജാതി, ജന്മി, നാടുവാഴിത്തം പൂർണ്ണമായി ഇല്ലാതാവാത്തതിനാൽ ജാതീയമായ വിവേചനങ്ങളും അടിച്ചമർത്തലുകളും ചൂഷണവും ഇപ്പോഴും വിവിധരൂപത്തിൽ നിലനില്ക്കുന്നു. ഇന്നും നിലനില്ക്കുന്ന ഇത്തരം വിവേചനങ്ങൾ അവസാനിപ്പിക്കുന്നതിനും പട്ടികജാതി വിഭാഗത്തിന് മെച്ചപ്പെട്ട ജീവിത സാഹചര്യം കരഗതമാക്കുന്നതിനും വേണ്ടി പ്രവർത്തിക്കുകയെന്നതാണ് പി കെ എസ് പരിപാടി.

# 2. ലക്ഷ്യങ്ങൾ

2.1. നൂറ്റാണ്ടുകളായി തങ്ങളുടേതല്ലാത്ത കാരണങ്ങൾകൊണ്ട് സാമൂഹിക സാംസ്കാരിക സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ അടിച്ചമർത്തപ്പെട്ട വിഭാഗമായിരുന്നു പട്ടികജാതിക്കാർ. വർണ്ണാശ്രമ വ്യവസ്ഥ നട്ടുവളർത്തിയ ജാതീയത മനുഷ്യനായിപ്പോലും ഈ വിഭാഗത്തെക്കാണാതെ എല്ലാ മേഖലകളിൽനിന്നും ആട്ടിയകറ്റിയ ഈ ദുരവസ്ഥയ്ക്കെതിരായിട്ടുള്ള പോരാട്ടമാണ് കേരളീയരുടെ പ്രക്ഷോഭങ്ങളുടെ ചരിത്രത്തിലെ നിർണ്ണായക സമരമായി 1913 ൽ ശ്രീ അയ്യങ്കാളിയുടെ നേതൃത്വത്തിൽ നടന്ന കർഷക തൊഴിലാളി പണിമുടക്ക്. പട്ടികജാതിക്കാരായ കുട്ടികൾക്ക് പള്ളിക്കൂടത്തിൽ പ്രവേശിക്കാനും, അക്ഷരത്തിന്റെ അനുഗ്രഹം സിദ്ധിക്കാനും വേണ്ടിയുള്ള ആ പ്രക്ഷോഭം കീഴാളജനതയുടെയും പുരോഗമന ഉല്പതിഷ്ണു വിഭാഗത്തിന്റെയും ഇടയിൽ വലിയ അലയൊലികൾ സൃഷ്ടിക്കുകയുണ്ടായി. തീണ്ടലിനും തൊടീലിനും എതിരെയും ആരാധനാലയങ്ങളിൽ പ്രവേശിക്കാനും വഴിനടക്കാനുമുള്ള സ്വാതന്ത്ര്യമില്ലായ്മക്കെതിരെയും ജന്മിത്തത്തിനും നാടുവാഴിത്തത്തിനുമെതിരെയുമുള്ള സമരമായി ഇത് വികാസം പ്രാപിച്ചു. കൊല്ലത്തെ കല്ലുമാല സമരവും വൈക്കത്തും ഗുരുവായൂരും പാലിയത്തും നടന്ന ക്ഷേത്രപ്രവേശനത്തിനുവേണ്ടിയുള്ള സമരങ്ങളും ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ കേരളത്തിൽ അങ്ങോളം ഇങ്ങോളം നടന്ന ചെറുതും വലുതുമായ മറ്റു പോരാട്ടങ്ങളും കീഴാള ജനതയ്ക്കു പുതിയ ദിശാബോധം നല്കി. പുന്നപ്ര വയലാർ സമരം ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും നാടുവാഴിത്തത്തിനുമെതിരായ വലിയ തൊഴിലാളി മുന്നേറ്റമായി മാറുകയുണ്ടായി.

2.2 ഇത്തരമൊരു പശ്ചാത്തലത്തിലാണ് 1957 ൽ കമ്യൂണിസ്റ്റ് ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നത്. ഭ്രാന്താലയമായിരുന്ന കേരളത്തെ മലയാളികളുടെ മാതൃഭൂമിയായി മാറ്റിയെടുക്കാൻ അടിത്തറപാകിയ കുടിയൊഴിപ്പിക്കൽ നിരോധനനിയമവും വിദ്യാഭ്യാസനിയമവും കൊണ്ടുവന്ന് ഈ സർക്കാർ ലോകശ്രദ്ധയിലേക്ക് കേരളത്തെക്കൊണ്ടുചെന്നെത്തിച്ചു.

2.3 അയിത്തവും അന്ധവിശ്വാസവും ജന്മിത്തവും നിലനിന്നവ്യവസ്ഥയുടെ നാരായവേരറുത്തത് നവോത്ഥാന പ്രസ്ഥാനങ്ങളും ഇടതുപക്ഷ പുരോഗമന ഉല്പതിഷ്ണുവിഭാഗവും ഉൾപ്പെടെയുള്ളവർ നടത്തിയ യോജിച്ച പോരാട്ടത്തിലൂടെയായിരുന്നു; മറിച്ച് ജാതി തിരിച്ച് നടത്തിയ ഒറ്റപ്പെട്ട പ്രവർത്തനങ്ങളിലൂടെയായിരുന്നില്ല. ഇന്ന് ആഗോളമൂലധനശക്തികൾ ഉത്തരാധുനികതയുടെ മറവിൽ സ്വത്വബോധത്തിലൂടെ ജാതിതിരിച്ച് സംഘടിക്കാനുള്ള വ്യാമോഹമാണ് സൃഷ്ടിക്കുന്നത്. സത്യത്തിൽ ഇത് മൂലധനശക്തികൾക്കെതിരാ

യുള്ള പോരാട്ടത്തെ വിറങ്ങലിപ്പിക്കാനുള്ള വലിയ ഗൂഢാലോചന യുടെ ഭാഗമാണ്. കഴുത്തറുപ്പൻ ചൂഷണത്തിനെതിരായ പോരാട്ടത്തെ വഴിതിരിച്ചുവിട്ട് ജാതിക്കള്ളികളിൽ ജനങ്ങളെ കുരുക്കിയിടാനുള്ള തന്ത്രമാണ്. ജാതിതിരിച്ചുള്ള സംഘടനാരൂപീകരണം അപകവും ജനാധിപത്യവിരുദ്ധവും അപകടകരവുമാണ്.

2.4 1957 ലും 1967 ലും അധികാരത്തിൽ വന്ന ഗവൺമെന്റുകൾ ഭൂവിനിയോഗ നിയമം കൊണ്ടുവരികയും കൈവശം വയ്ക്കാനുള്ള ഭൂമിക്കു പരിധി നിശ്ചയിക്കുകയും ചെയ്തു. എന്നാൽ മാറിമാറി വന്ന വലതുപക്ഷ ഗവൺമെന്റുകളും കോൺഗ്രസും ഭൂവിനിയോഗനിയമം അട്ടിമറിക്കാൻ കോടതിയേയും ഇന്ത്യൻ യൂണിയൻ പ്രസിഡന്റിനേയും ഉപയോഗിക്കാൻ തയ്യാറായി. അവിടെയും കീഴാള ജനതയ്ക്കെതിരായ സമീപനമാണ് സമ്പന്നവർഗ്ഗത്തിനു സ്വാധീനമുള്ള വലതുപക്ഷക്കാർ സ്വീകരിച്ചത്. 1969 ൽ ആലപ്പുഴയിൽ നടന്ന മഹാസമ്മേളനത്തിലെ എ കെ ജിയുടെ പ്രഖ്യാപനമായ "മിച്ചഭൂമി സമരം" കീഴാളജനതയുടെ പോരാട്ടങ്ങളിലെ തിളക്കമാർന്ന ഏടാണ്. എന്നാൽ ഭൂവിനിയോഗനിയമത്തിന്റെ ഫലമായി ഭൂമി ലഭിച്ചത് പാട്ടക്കുടിയാൻ കാണക്കുടിയാൻ തുടങ്ങിയ കുടിയാന്മാർക്കാണ്. ഇവർക്ക് കീഴിലുള്ള തൊഴിലാളികളായിരുന്നു സത്യത്തിൽ പട്ടികജാതിക്കാർ. മിച്ചഭൂമി ഏറ്റെടുത്ത് ഭൂരഹിത പട്ടികജാതിക്കാർക്ക് നല്കണമെന്ന കമ്യൂണിസ്റ്റ് പാർട്ടിയുടെ നയം 1957, 67 കളിലെ സർക്കാരുകൾക്ക് (കാലാവധി പൂർത്തിയാക്കാൻ കഴിയാതെ വന്നതിനെ തുടർന്ന്) പൂർണ്ണമായി നടപ്പാക്കാൻ കഴിയാതെ പോയി. അതുകൊണ്ടുതന്നെ കമ്യൂണിസ്റ്റു ഗവൺമെന്റ് ആഗ്രഹിച്ചതുപോലെ കാർഷിക മേഖലയുമായി ബന്ധമുള്ള പട്ടികജാതിക്കാർക്ക് നിയമത്തിന്റെ ആനുകൂല്യം വേണ്ടരൂപത്തിൽ ലഭ്യമായില്ല. 1972 ലെ വലതുപക്ഷ ഗവൺമെന്റാകട്ടെ ഇഷ്ടദാനത്തിലൂടെയും കുടുംബ ട്രസ്റ്റുകളിലൂടെയും ജന്മിമാരുടെ ഭൂമി അവർക്ക് നഷ്ടപ്പെടാതിരിക്കാനുള്ള പഴുതുകൾ ഉണ്ടാക്കിക്കൊടുക്കുകയാണ് ചെയ്തത്. 1966–67 കാലത്ത് മിച്ചഭൂമിയായി കണ്ടെത്തിയിരുന്ന ഭൂമിയുടെ ഏകദേശം 85 ശതമാനം മിച്ചഭൂമിയല്ലാതായി എന്നർത്ഥം. ഈ ഭൂമിയെല്ലാം ഭൂവിനിയോഗനിയമത്തിലെ 81–ാം വകുപ്പിലെ 3–ാം വകുപ്പു പ്രകാരം തോട്ടഭൂമിയുടെയും വനഭൂമിയുടെയും കണക്കിൽപ്പെടുത്തുകയും ഇഷ്ടദാനത്തിന്റെ മറവിലും കുടുംബ ട്രസ്റ്റുകളുടെ കീഴിലും സ്വന്തക്കാർക്കു തന്നെ ഭൂമി നല്കി ഭൂവുടമകൾക്ക് രക്ഷപ്പെടാൻ അവസരമുണ്ടാക്കിക്കൊടുക്കുകയുമാണ് കോൺഗ്രസ് ഗവൺമെന്റ് ചെയ്തത്. അതുകൊണ്ടുതന്നെ മഹാഭൂരിപക്ഷം വരുന്ന പട്ടികജാതിക്കാർക്ക് ഭൂമിയില്ലാതായി. 2006 ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാർ ഏതാണ്ട് 16,689 പേർക്ക് ഭൂമി നല്കുകയും ആശ്വാസ നടപടികൾ സ്വീകരിക്കുകയും ചെയ്തു. കേരളത്തിലെ

മൊത്തം ജനസംഖ്യയിലെ ഭൂമിയില്ലാത്തവരുടെ കണക്കു പരിശോധിച്ചാൽ വലിയൊരു വിഭാഗം പട്ടികജാതിക്കാരാണ് എന്ന് കാണാൻ കഴിയും. ആഗോളവല്ക്കരണത്തിന്റെ കടന്നുവരവോടുകൂടി എല്ലാ മേഖലകളിലേയും സ്വകാര്യവല്ക്കരണത്തിന്റെ ഭാഗമായി ഭൂമിയും ഒരു വില്പനച്ചരക്കായി മാറിക്കഴിഞ്ഞു. കോർപ്പറേറ്റുകളും സമ്പന്നരും കള്ളപ്പണം നിക്ഷേപിക്കുന്നവരും പണം സ്വരൂപിക്കുന്നതു ഭൂമിക്കച്ചവടത്തിലൂടെയായി മാറിക്കഴിഞ്ഞു. എല്ലാ പട്ടികജാതിക്കാർക്കും ഭൂമി നല്കുക എന്നത് പട്ടിക ജാതി ക്ഷേമസമിതിയുടെ പരമപ്രധാനമായ ലക്ഷ്യങ്ങളിലൊന്നാണ്.

2.5. വിദ്യാഭ്യാസത്തിനുവേണ്ടി നടന്ന കീഴാളന്റെ പോരാട്ടം ചരിത്രത്തിൽ എക്കാലത്തും മായ്ക്കാൻ കഴിയാത്തതാണ്. അത്തരമൊരു സാഹചര്യത്തിലാണ് 1957 ലെ ഗവൺമെന്റിന്റെ വിദ്യാഭ്യാസനിയമം. രാജ്യത്തിന്റെ ചരിത്രത്തിലാദ്യമായി 14 വയസ്സുവരെയുള്ളവർക്ക് വിദ്യാഭ്യാസം നിർബ്ബന്ധിതവും സൗജന്യവും സാർവ്വത്രികവുമാക്കി മാറ്റി. ഇതോടെ സവർണ്ണന്റെയും അവർണ്ണന്റെയും കുട്ടികൾ ജാതി–മത ഭേദമന്യേ ഒരേ ക്ലാസിൽ ഇരുന്നു പഠിക്കാൻ ഉളവായ സാഹചര്യം കേരളീയ സാമൂഹ്യസാംസ്കാരിക മണ്ഡലങ്ങളിൽ വലിയ ചലനങ്ങളാണ് സൃഷ്ടിച്ചത്. ഒരർത്ഥത്തിൽ ജാതിയും അയിത്തവും ഇല്ലാതാക്കുന്ന പ്രായോഗിക പ്രവർത്തനത്തിന്റെ ആരംഭം ക്ലാസ്മുറികളിൽ നിന്നാണാരംഭിക്കുന്നത്. വിദ്യാഭ്യാസം ലഭ്യമായ അവർണ്ണന്റെ കുട്ടികൾക്ക് സ്റ്റൈപന്റും ലംസംഗ്രാന്റും നല്കിയതും ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കിയതും തുടർന്ന് ഉദ്യോഗനിയമനത്തിൽ പ്രത്യേക സംവരണം നല്കിയതും കീഴാളരെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് ഉയർത്തി. ഇടതുപക്ഷ ഗവൺമെന്റുകൾ വിപുലമായ സഹായവും പിന്തുണയുമാണ് പട്ടികജാതിക്കാരുടെ വികസനത്തിന് നല്കിയത്.

2.6. എന്നാൽ, ഇന്ന് സ്ഥിതിയാകെ മാറുകയാണ്. വിദ്യാഭ്യാസമേഖലയും വെറുതെ വിടാനല്ല മറിച്ച് വില്പനച്ചരക്കാക്കാൻ തന്നെയാണ് ശ്രമം. വിദ്യാഭ്യാസമേഖലയിലെ സ്വകാര്യമൂലധനം സംവരണതത്ത്വങ്ങളെ അപ്പാടെ അട്ടിമറിച്ചു കഴിഞ്ഞു. ഉന്നത വിദ്യാഭ്യാസമേഖലയിലെ സ്വകാര്യവല്ക്കരണത്തിന്റെ ഭാഗമായി ആരംഭിച്ച സ്വാശ്രയ വിദ്യാലയങ്ങൾ എല്ലാ സംവരണതത്ത്വങ്ങളും ഇല്ലാതാക്കിക്കഴിഞ്ഞു. ഇതോടുകൂടി ഇന്നലെകളിലെ പോരാട്ടങ്ങളുടെയും ചെറുത്തുനില്പുകളുടെയും ഭാഗമായുണ്ടായ നേട്ടങ്ങൾ ഇല്ലാതാവുന്നതു നോക്കി നില്ക്കാൻ പട്ടികജാതിക്ഷേമസമിതിക്കു കഴിയില്ല. ഇന്നു നിലവിലുള്ള സംവരണ അവകാശം സ്വാശ്രയ വിദ്യാഭ്യാസ മേഖലകളിലും മറ്റ് സ്വകാര്യമേഖലകളിലും നടപ്പിലാക്കാനാവശ്യമായ നടപടി ഗവൺമെന്റുകൾ നിയമംമൂലം ഉറപ്പുവരുത്തണം. അതിനാവശ്യമായ പ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ടു വരികയെ

ന്നത് പി കെ എസിന്റെ പ്രധാനപ്പെട്ട കടമയാണ്.

2.7. പട്ടികജാതി സമൂഹം പൊതുവേ കാർഷികമേഖലയെ ആശ്രയിച്ച് ജീവിച്ചവരും കൂലിപ്പണിക്കാരുമായിരുന്നു. കേരളത്തിലും സാമൂഹ്യ മുന്നേറ്റത്തിന്റെയും ഗവൺമെന്റുകളുടെ ശ്രദ്ധാപൂർണ്ണമായ ഇടപെടലുകളുടെയും ഭാഗമായി പിന്നീട് വന്ന തലമുറയിൽ ഒരു വിഭാഗം കാർഷികേതര-സർക്കാർ അർദ്ധസർക്കാർ ജോലികൾ ചെയ്യുന്നവരായി മാറി. എന്നാലിവിടെയും പുത്തൻ സാമ്പത്തിക നയങ്ങളുടെ ഭാഗമായി ഭൂമി നികത്തപ്പെടുകയും വില്പനയ്ക്കായി മാറ്റപ്പെടുകയും ചെയ്തതിന്റെ ഭാഗമായി കാർഷികജോലി തന്നെ കുറവായി മാറി.

2.8. പൊതുമേഖലയിലുണ്ടായിരുന്ന സ്ഥാപനങ്ങൾ സ്വകാര്യവല്ക്കരണത്തിന് വിധേയമാകുമ്പോൾ അവിടെ സംവരണം ഇല്ലാതാവുകയാണ്. ഇതോടെ സംവരണാനുകൂല്യങ്ങളുടെ ഭാഗമായി മാത്രം ജോലി ലഭ്യമായ പട്ടികജാതിക്കാർക്ക് ഒരു തൊഴിൽ ലഭ്യമാവുക എന്നത് ഏറ്റവും പ്രയാസകരമായി മാറാൻ പോവുകയാണ്. അതുകൊണ്ടുതന്നെ സ്വകാര്യമേഖലയിലും സർക്കാർ ശമ്പളം നല്കുന്ന എയ്ഡഡ് മേഖലയിലും സഹകരണമേഖലയിലും സംവരണം നിയമംമൂലം ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. അതിന് എല്ലാ ചട്ടങ്ങളും നിയമങ്ങളും മാറ്റപ്പെടേണ്ടതുണ്ട്. അല്ലെങ്കിൽ തിരുത്തപ്പെടേണ്ടതുണ്ട്. പട്ടികജാതി ക്ഷേമസമിതി രാജ്യത്തെ ഭരണാധികാരികളോട് ആവശ്യപ്പെടുന്നു- സ്വകാര്യ മേഖലയിലും സംവരണം നിയമം മൂലം ഉറപ്പുവരുത്തണം. ഈ ലക്ഷ്യം നേടിയെടുക്കാൻ നിലവിൽ സംവരണാനുകൂല്യമുള്ള ഇതര ജനവിഭാഗങ്ങളെയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള പ്രക്ഷോഭം വളർത്തിക്കൊണ്ടുവരാൻ പട്ടികജാതി ക്ഷേമസമിതി പ്രതിജ്ഞാബദ്ധമാണ്.

2.9. വിദ്യാലയങ്ങളിലേക്കുള്ള പ്രവേശനമാണ് അന്ധവിശ്വാസത്തിന്റെ കൂരിരുട്ടിൽനിന്ന് ഈ ജനതയെ മോചിപ്പിച്ചത്. വിദ്യാഭ്യാസത്തിലൂടെ വിവേകവും വിജ്ഞാനവും വിശാലമായ ദിശാബോധവും ലഭ്യമായതിനെത്തുടർന്ന് അധാർമ്മികതയുടെയും അന്ധവിശ്വാസങ്ങളുടെയും കാണാചരടുകൾ പൊട്ടിച്ചെറിയപ്പെട്ടു. എന്നാൽ ഇവിടെയും ആഗോളവല്ക്കരണം ഒരു പുതിയ തരം അന്ധവിശ്വാസത്തെ ആധുനികതയുടെ മറവിൽ നവമാധ്യമങ്ങളുടെ സഹായത്താൽ, ഉയർത്തിക്കൊണ്ടുവരികയാണ്. ഇത് ക്ഷേത്രോത്സവങ്ങളുടെ മറവിലും വിവാഹം, മരണം എന്നിവയിലും ഇപ്പോൾ തഴച്ചുവളർന്നുകൊണ്ടിരിക്കുകയാണ്. സമൂഹത്തിൽ മദ്യാസക്തി വർദ്ധിച്ചുവരുന്നതായി കാണാൻ കഴിയും. ആഗോളവല്ക്കരണം മത്ത് പിടിപ്പിച്ച ആത്മീയതയെ വിപണനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ഇതിന്റെ അടിമകളും അനുസരണയുള്ളവരുമായി സാധാരണ ജനവിഭാഗം മാറിക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരായുള്ള പ്രചാരണത്തിലും പ്രതി

രോധത്തിലും പട്ടികജാതി ക്ഷേമസിതി ശ്രദ്ധിക്കേണ്ടതുണ്ട്. കൂടാതെ സമൂഹത്തിൽ യുക്തിചിന്തയും ശാസ്ത്രീയസമീപനങ്ങളും വളർത്തിക്കൊണ്ടുവരുന്നതിനുവേണ്ടി പ്രവർത്തിക്കാൻ പി കെ എസ് ബാദ്ധ്യസ്ഥനാണ്.

## 3.ഏറ്റെടുക്കേണ്ട കടമകൾ

3.1 പട്ടികജാതിക്കാരുടെ സാമൂഹിക സാമ്പത്തിക സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ സമൂലപരിവർത്തനത്തിനുവേണ്ടിയും അവർ ഇന്നനുഭവിക്കുന്ന ചൂഷണങ്ങൾക്കുമെതിരായി മറ്റ് ജനവിഭാഗങ്ങൾക്കൊപ്പം അവരെ പൊതുധാരയിലേക്കു ഉയർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുകയും അതിനാവശ്യമായ സമ്മർദ്ദങ്ങൾ സർക്കാരിൽ ചെലുത്തുകയും ചെയ്യുക.

3.2 ഭൂമിയില്ലാത്ത എല്ലാ പട്ടികജാതിക്കാർക്കും ചുരുങ്ങിയത് അമ്പതു സെന്റ് ഭൂമിയെങ്കിലും ലഭിക്കാനാവശ്യമായ ഇടപെടലുകൾ നടത്തുക. മിച്ചഭൂമിയും പാട്ടക്കാലാവധി കഴിഞ്ഞതും പാട്ടവ്യവസ്ഥ ലംഘിച്ചതുമായ ഭൂമി ഏറ്റെടുത്തു പട്ടികജാതിക്കാർക്കു വിതരണം ചെയ്യുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തുക.

3.3 കേന്ദ്ര–സംസ്ഥാന സർക്കാരുകൾ സ്വീകരിച്ചുവരുന്ന സ്വകാര്യവല്ക്കരണ നടപടികളുടെ ഫലമായി പൊതുമേഖല ഇല്ലാതായിവരുന്ന പശ്ചാത്തലത്തിൽ സ്വകാര്യമേഖലയിലും തൊഴിൽ നിയമനങ്ങളിൽ പട്ടിക വിഭാഗങ്ങൾക്ക് സംവരണാനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണത്തിനുവേണ്ടി പ്രയത്നിക്കുക.

3.4 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും സർക്കാർ സ്ഥാപനങ്ങൾ വഴിയും നല്കുന്ന ഭവനനിർമ്മാണ സാമ്പത്തിക സഹായം സാധനങ്ങളുടെ വിലനിലവാരം കണക്കിലെടുത്തു കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും പട്ടികജാതിക്കാർ നിശ്ചിതരൂപത്തിലുള്ള വീടുകൾ മാത്രമേ പണിയാവൂ എന്ന നിബന്ധന ഒഴിവാക്കുന്നതിനും വേണ്ടി പ്രവർത്തിക്കുക.

3.5 പട്ടിക വിഭാഗത്തിനിടയിൽ സഹവർത്തിത്വം, മിതവ്യയം, സ്വാശ്രയശീലം, സമത്വം, പരസ്പരസേവനമനോഭാവം. മതനിരപേക്ഷ ബോധം എന്നിവ വളർത്തിയെടുക്കാൻ നിരന്തര പ്രവർത്തനവും പ്രചാരണവും നടത്തുക.

3.6 തീവ്രവാദം, വർഗ്ഗീയത, അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ എന്നിവയ്ക്കെതിരെ പ്രചാരണവും മദ്യം, മയക്കുമരുന്ന് എന്നിവ വർജ്ജിക്കാനുള്ള അവബോധം സൃഷ്ടിക്കാനാവശ്യമായ പ്രവർത്തനങ്ങളും നടത്തുക.

3.7 "കൃഷിഭൂമി കൃഷിപ്പണിചെയ്യുന്ന തൊഴിലാളികൾക്ക്" എന്ന മുദ്രാ

വാക്യം ഉയർത്തി തരിശിട്ട ഭൂമിയിൽ കൃഷിയിറക്കാനും കൂട്ടുകൃഷി പോലെയുള്ള പരസ്പര സഹായക സംരംഭങ്ങൾ രൂപപ്പെടുത്തുന്നതിനും സർക്കാർ ഉടമസ്ഥതയിലുള്ളതായ ഭൂമി പട്ടികജാതിക്കാർക്ക് കൃഷിചെയ്യാൻ നല്കുന്നതിനും ഗവൺമെന്റിനെക്കൊണ്ട് നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി പരിശ്രമിക്കുക.

3.8. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്ത് ശാസ്ത്രീയമായ പരിശീലനം നല്കാനും ആവശ്യമായ സാമ്പത്തിക സഹായം സർക്കാരിനെക്കൊണ്ട് ചെയ്യിക്കുന്നതിനുമായ ഇടപെടൽ നടത്തുക.

3.9. ഗവൺമെന്റ് സ്ഥാപനങ്ങളിലെ സംവരണതത്ത്വം പാലിച്ച് സമയബന്ധിതമായി നിയമനങ്ങൾ നടത്തുവാൻ നടപടികൾ സ്വീകരിക്കാനും ആയതിനു ശ്രമിക്കാത്ത ഉദ്യോഗസ്ഥന്മാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുക.

3.10 സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ പട്ടികജാതി വിഭാഗത്തിലെ ജീവനക്കാർക്കെതിരായുള്ള പീഡനങ്ങളും അവഹേളനങ്ങളും അവസാനിപ്പിക്കാൻ ശക്തമായ ഇടപെടലുകൾ നടത്തുകയും ജീവനക്കാരെ ദ്രോഹിക്കുന്നവർക്കെതിരെ നിയമനടപടി ഉറപ്പുവരുത്തുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

3.11 പട്ടികജാതിക്കാർക്കെതിരെയുള്ള അവഹേളനവും പീഡനവും അവസാനിപ്പിക്കാൻ പട്ടികജാതി പട്ടികവർഗ്ഗ പീഡന നിരോധന നിയമപ്രകാരം കേസെടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തു എന്നു ഉറപ്പു വരുത്തുക.

3.12 വ്യാജ ജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ജോലിയും, വിദ്യാഭ്യാസ ആനുകൂല്യങ്ങളും സമ്പാദിക്കുന്നവരെ കണ്ടുപിടിക്കാനും, ശിക്ഷിക്കാനും സംസ്ഥാന അടിസ്ഥാനത്തിൽ സ്ഥിരം സമിതിയെ നിയമിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുക.

3.13 പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സാമ്പത്തിക ആനുകൂല്യങ്ങൾ മറ്റുള്ള വിഭാഗങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. ആയതുകൊണ്ട് സ്റ്റൈപന്റ്, ലംപ്സംഗ്രാന്റ് തുകകൾ കാലോചിതമായി വർദ്ധിപ്പിക്കാനും സമയബന്ധിതമായി നല്കാനും ഉള്ള സമ്മർദ്ദങ്ങൾ ഗവൺമെന്റിൽ ചെലുത്തുക.

3.14 പട്ടികവിഭാഗത്തിന്റെ വികസനത്തിനുള്ള ഫണ്ട് ചെലവഴിക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പരിഹാരത്തുക നീക്കിവെക്കണമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിനും, എസ് സി എസ് ടി ഫണ്ട് വകമാറ്റി ചെലവഴിക്കുന്ന ഉദ്യോഗസ്ഥർക്കെതിരായി ശിക്ഷാനടപടി സ്വീകരിക്കാനും വേണ്ടി പ്രവർത്തിക്കുക.

3.15 ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ച് മെഡിക്കൽ എഞ്ചിനീയറിങ് പാരാമെഡിക്കൽ തുടങ്ങിയ കോഴ്സുകളിൽ എസ് സി

വിദ്യാർത്ഥികളോട് കാണിക്കുന്ന അവഗണനയുടെയും വിവേചനത്തിന്റെയും ഭാഗമായി സെഷണൽ മാർക്ക് ആവശ്യത്തിനു നല്കാതെ പീഡിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെയും ചുമതലപ്പെട്ടവർക്കെതിരെയും കർശനനടപടി സ്വീകരിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുക.

3.16. പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ പ്രവർത്തനങ്ങൾ കാലോചിതമായും ആവശ്യാനുസരണവും പരിഷ്കരിക്കുകയും മാറ്റം വരുത്തുന്നതിനും വേണ്ടി ഇടപെടുക.

3.17. മിശ്രവിവാഹിതർക്ക് അച്ഛന്റെയോ അമ്മയുടെയോ ജാതിയുടെ അടിസ്ഥാനത്തിൽ സംവരണാനുകൂല്യവും സാമ്പത്തികാനുകൂല്യവും ലഭ്യമാക്കുന്നതിന് വേണ്ടി പ്രവർത്തിക്കുക.

3.18. എല്ലാ പട്ടിക വിഭാഗത്തിനെയും ബി പി എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുക.

3.19. കോളനി പ്രദേശമുൾപ്പെടെ പട്ടികജാതിക്കാർ താമസിക്കുന്ന പ്രദേശത്തെ അടിസ്ഥാനവികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിനും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൊതു ശ്മശാനം ഉറപ്പുവരുത്തുന്നതിനും വേണ്ടി പ്രവർത്തിക്കുക.

3.20. പട്ടികജാതിക്കാർ എടുത്തിട്ടുള്ളതായ വായ്പകളും മറ്റും എഴുതി തള്ളുന്നതിനുള്ള നടപടിക്കുവേണ്ടി പ്രവർത്തിക്കുക.

3.21. പട്ടികജാതിക്കാർക്കിടയിൽ സാഹിത്യാഭിരുചി വളർത്തുന്നതിന്റെ ഭാഗമായി വായനശാലകൾ, ഗ്രന്ഥശാലകൾ, ചർച്ചാക്ലാസുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുകയും കൂടാതെ വിവിധ കലകൾ വളർത്തുന്നതിന്റെ ഭാഗമായി അവ പഠിപ്പിക്കുന്നതിനും ആയതിന്റെ അഭിവൃദ്ധിക്കും വേണ്ടി പ്രവർത്തിക്കുക. പട്ടികജാതിക്കാർക്കിടയിലെ സാഹിത്യകാരന്മാരെയും കലാകാരന്മാരെയും കായികപ്രതിഭകളെയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനം നടത്തുക.

3.22. പട്ടിക വിഭാഗത്തിന്റെ തനതുകലകൾ പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും വേണ്ടി പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ വേണ്ടി പ്രവർത്തിക്കുക.

3.23 പട്ടികജാതി പട്ടികവർഗ്ഗ പീഡന നിരോധന നിയമം ആവശ്യമായ ഭേദഗതി വരുത്തി ഫലപ്രദമായി നടപ്പിലാക്കുന്നതിനും കോടതിയിൽ കേസ് വരുമ്പോൾ കേസിൽ കൂറുമാറുന്ന സാക്ഷികളെ ശിക്ഷിക്കുന്നതിനും വേണ്ട നിയമഭേദഗതികൾ കൊണ്ടുവരുന്നതിനുവേണ്ടി പ്രവർത്തിക്കുക.

3.24 പട്ടികജാതി ഉദ്യോഗസ്ഥരെ പ്രതികാരബുദ്ധിയോടെ സ്ഥലം മാറ്റുകയും ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത് അവസാനിപ്പിക്കുന്നതിനും നിർഭയമായി ജോലി ചെയ്യുന്നതിനുള്ള അന്ത

രീക്ഷം ഉറപ്പുവരുത്തുന്നതിനും ഓഫീസ് പീഡനത്തിന് നേതൃത്വം കൊടുക്കുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുക.

3.25 എല്ലാ സ്ഥാപനങ്ങളിലെയും പട്ടികജാതി പ്രാതിനിധ്യം കുറഞ്ഞത് ആറുമാസത്തിലൊരിക്കലെങ്കിലും വിലയിരുത്തേണ്ടതും കുറവു വരുന്ന തസ്തികകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തേണ്ടതും അപ്രകാരം ഉയർന്ന തസ്തികകളിൽ നിയമനം ലഭിക്കുന്നവർക്ക് സ്പെഷ്യൽ ട്രെയിനിങ് നല്കുന്നതിനും വേണ്ട നടപടി സ്വീകരിക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുക.

3.26 പട്ടികവിഭാഗത്തിന്റെ ഉന്നമനത്തെ ലക്ഷ്യം വച്ചുകൊണ്ട് ആരോഗ്യ, വിദ്യാഭ്യാസ വ്യവസായ സ്ഥാപനങ്ങളും സമാനമായ ഇതര സ്ഥാപനങ്ങളും ആരംഭിക്കുക.

# ഭരണഘടന

## വകുപ്പ് 1

### സംഘടനയുടെ പേര്

സംഘടനയുടെ പേര് കേരളാ പട്ടികജാതി ക്ഷേമസമിതി എന്നാണ്; എന്നാൽ പട്ടികജാതി ക്ഷേമസമിതി (പി കെ എസ്) എന്ന് ചുരുക്കപ്പേരിൽ അറിയപ്പെടും.

## വകുപ്പ് 2

### പതാക

ചുവന്ന നിറത്തിലുള്ള 3:2 എന്ന അനുപാതത്തിൽ നീളവും വീതിയുമുള്ള തുണിയിൽ ഇടതുവശം ചേർന്ന് മുകളിൽ വെള്ള പഞ്ചകോൺ നക്ഷത്രവും മദ്ധ്യത്തിൽ വെള്ളനിറത്തിൽ വിലങ്ങനെ P K S എന്ന ഇംഗ്ലീഷ് അക്ഷരവും രേഖപ്പെടുത്തിയിരിക്കുന്നതാണ് പതാക.

## വകുപ്പ് 3

### ലക്ഷ്യം കടമകൾ

പരിപാടിയിൽ വിവരിച്ചിട്ടുള്ള ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനും കടമകൾ നിർവ്വഹിക്കുന്നതിനുംവേണ്ടിയാണ് പി കെ എസ് പ്രവർത്തിക്കുന്നത്.

## വകുപ്പ് 4

### അംഗത്വം

എ പി കെ എസിന്റെ പരിപാടിയും ഭരണഘടനയും അംഗീകരിക്കുന്നതും 15 വയസ്സ് പൂർത്തിയായതുമായ ഏതൊരാൾക്കും പ്രതിവർഷ അംഗത്വഫീസ് നല്കിയാൽ അംഗത്വത്തിനർഹതയുണ്ടായിരിക്കും. സാധാരണസാഹചര്യത്തിൽ അംഗത്വം ഒരു വർഷത്തേക്കായിരിക്കുന്നതാണ്.

ബി. വാർഷിക അംഗത്വഫീസ് 2 (രണ്ട്) രൂപ ആയിരിക്കും.

സി. അംഗത്വം സംബന്ധിച്ച രേഖകൾ ഏരിയ/താലൂക്ക് കമ്മിറ്റികൾ സൂക്ഷിക്കേണ്ടതാണ്.

## വകുപ്പ് 5

### അംഗത്തിന്റെ ചുമതലകളും അവകാശങ്ങളും

### I. ചുമതലകൾ

1. തന്റെ ഘടകത്തിൽ കൃത്യമായി പങ്കെടുക്കുകയും ഘടകത്തിന്റെയും മേൽകമ്മിറ്റികളുടെയും തീരുമാനങ്ങൾ നടപ്പാക്കുകയും ചെയ്യുക.
2. ഘടകത്തിൽ സ്വന്തം അഭിപ്രായങ്ങൾ അവതരിപ്പിക്കുകയും ശരിയായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനു സഹായിക്കുകയും ചെയ്യുക.
3. ഏതൊരു വിഷയത്തെയും സംബന്ധിച്ച് സംഘടനയുടെ നയവും തീരുമാനവും മനസ്സിലാക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുക.
4. സംഘടന ആഹ്വാനം ചെയ്യുന്ന സമര-പ്രക്ഷോഭ-പ്രചാരണ പ്രവർത്തനങ്ങൾ പൂർണ്ണമായി വിജയിപ്പിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുക.
5. സംഘടനാപരമായ അച്ചടക്കം പാലിക്കുകയും സമൂഹത്തിന് മാതൃകയായ വ്യക്തിജീവിതം നയിക്കുകയും ചെയ്യുക.
6. പുരോഗമനപരമായ ആശയങ്ങൾ സ്വീകരിക്കുകയും അന്ധവിശ്വാസങ്ങൾ അനാചാരങ്ങൾ തുടങ്ങിയവയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം സംഘടിപ്പിക്കുകയും ചെയ്യുക.

### II അവകാശങ്ങൾ

1. സംഘടനയിൽ ഓരോ അംഗത്തിനും തെരഞ്ഞെടുക്കാനും തെരഞ്ഞെടുക്കപ്പെടാനും അവകാശമുണ്ടായിരിക്കും.
2. സ്വന്തം അഭിപ്രായങ്ങൾ തന്റെ ഘടകത്തിലും ഉപരിഘടകങ്ങൾക്കു

മുമ്പാകെയും അവതരിപ്പിക്കുന്നതിനു അവകാശമുണ്ടായിരിക്കും.

3. തന്റെ ഘടകത്തിൽ പരിഗണനയ്ക്കുവരുന്ന വിഷയങ്ങളിൽ സ്വന്തം അഭിപ്രായം പ്രകടിപ്പിക്കുന്നതിനും വിയോജിപ്പുള്ള പക്ഷം അവ രേഖപ്പെടുത്തുന്നതിനും ഏതൊരംഗത്തിനും അവകാശമുണ്ടായിരിക്കും. എന്നാൽ ഭൂരിപക്ഷമനുസരിച്ച് തീരുമാനമെടുത്തുകഴിഞ്ഞാൽ തനിക്ക് വിയോജിപ്പുള്ള തീരുമാനമാണെങ്കിൽപ്പോലും അവ് നടപ്പാക്കാൻ ഏതൊരംഗവും ബാദ്ധ്യസ്ഥനാണ്.

## III അംഗത്വം രാജിവയ്ക്കൽ

1. ഏതൊരംഗത്തിനും സംഘടനയിൽനിന്നും രാജിവയ്ക്കാൻ അവകാശമുണ്ടായിരിക്കും. അംഗം രാജിവയ്ക്കുന്നത് ആശയപരമായ വിയോജിപ്പ് കൊണ്ടാണെങ്കിൽ രാജി സ്വീകരിക്കാതെ ടി യാളെ സംഘടനയിൽനിന്നും പുറത്താക്കിയതായി കണക്കാക്കേണ്ടതാണ്.

# വകുപ്പ് 6

# സംഘടനാരൂപം

എ. സംസ്ഥാന സമ്മേളനം
ബി. സംസ്ഥാന കമ്മിറ്റി
സി. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി
ഡി. ജില്ലാസമ്മേളനം
ഇ. ജില്ലാകമ്മിറ്റി
എഫ്. ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി
ജി. ഏരിയാ സമ്മേളനം
എച്ച്. ഏരിയാകമ്മിറ്റി
ഐ. ഏരിയാ എക്സിക്യൂട്ടീവ് കമ്മിറ്റി
ജെ. ലോക്കൽ/മേഖലാ സമ്മേളനം
കെ. ലോക്കൽ/മേഖലാ കമ്മിറ്റി
എൽ. ലോക്കൽ/മേഖലാ എക്സിക്യൂട്ടീവ് കമ്മിറ്റി.
എം. യൂണിറ്റ് സമ്മേളനം
എൻ. യൂണിറ്റ് കമ്മിറ്റി
ഒ. യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി

കമ്മിറ്റികളുടെ അംഗബലം സമ്മേളനങ്ങൾക്കു മുമ്പായി സംസ്ഥാന കമ്മിറ്റി നിശ്ചയിക്കുന്നതാണ്.

## വകുപ്പ് 7

### I. സമ്മേളനങ്ങൾ.

എ. സംഘടനയുടെ പരമാധികാര കേന്ദ്രം സമ്മേളനങ്ങൾ ആയിരിക്കും.

ബി. സമ്മേളനങ്ങളിൽ പങ്കെടുക്കുന്നവർ തൊട്ടുതാഴെയുള്ള സമ്മേളനത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും സമ്മേളനം നടത്തുന്ന ഘടകത്തിലെ അംഗങ്ങളും സംസ്ഥാന കമ്മിറ്റിയുടെ മുൻകൂട്ടിയുള്ള അനുവാദമുള്ളവരും ആയിരിക്കും.

സി. മൂന്നുവർഷത്തിലൊരിക്കൽ സംഘടനാസമ്മേളനങ്ങൾ നടത്തണം.

ഡി. യൂണിറ്റ്, ലോക്കൽ/മേഖലാ, ഏരിയാ സമ്മേളനങ്ങൾ വർഷത്തിൽ ഒരിക്കൽ നടത്തണം.

ഇ. സമ്മേളനങ്ങൾ ആരംഭിക്കുന്നതിനുമുൻപായി സമ്മേളനങ്ങൾ നടത്തുന്നതിനു സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ, സമ്മേളനത്തിലെ പ്രാതിനിധ്യം, തെരഞ്ഞെടുപ്പുരീതി, ഘടകങ്ങളിലെ അംഗബലം, സമ്മേളനങ്ങളിലെ അംഗബലം തുടങ്ങിയവ സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ സംസ്ഥാന കമ്മിറ്റി തയ്യാറാക്കി കീഴ്ഘടകങ്ങളെ അറിയിക്കേണ്ടതും എല്ലാ ഘടകങ്ങളും പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

എഫ്. സമ്മേളനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന കമ്മിറ്റി അംഗീകരിച്ച മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും ലംഘിച്ച് നടത്തുന്ന സമ്മേളനങ്ങളിൻമേൽ പരാതിയുടെ അടിസ്ഥാനത്തിലോ സ്വമേധയായോ സംസ്ഥാനകമ്മിറ്റിക്ക് സമ്മേളനം റദ്ദാക്കൽ ഉൾപ്പെടെയുള്ള ഉചിതമായ തീരുമാനം എടുക്കാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ എന്ത് ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനുമുമ്പും ബന്ധപ്പെട്ടവരെ നേരിൽ കേൾക്കേണ്ടതാണ്.

### II. സംസ്ഥാന സമ്മേളനം

എ. സംസ്ഥാന സമ്മേളനമാണ് പി കെ എസിന്റെ ഏറ്റവും ഉയർന്ന സമിതി.

ബി. സംസ്ഥാന സമ്മേളനം കൈക്കൊള്ളുന്ന തീരുമാനങ്ങൾ സംഘടനയുടെ എല്ലാ ഘടകങ്ങൾക്കും ബാധകമാണ്.

സി. സംസ്ഥാന സമ്മേളനം എടുത്ത തീരുമാനങ്ങൾ അക്ഷരം പ്രതി നടപ്പാക്കുന്നതിന് എല്ലാ ഘടകങ്ങൾക്കും ഉത്തരവാദിത്വവും കടമയുമുണ്ടായിരിക്കും.

ഡി. സമ്മേളന കാലയളവിലെ സംഘടനയുടെ പ്രവർത്തനം സമ്മേളനം പരിശോധനയ്ക്കു വിധേയമാക്കുകയും ഭാവിപരിപാടിയെപ്പറ്റി തീരുമാനം കൈക്കൊള്ളുകയും ചെയ്യും.

ഇ. സംസ്ഥാന സമ്മേളനം സംസ്ഥാന കമ്മിറ്റിയെ തെരഞ്ഞെടുക്കും.

എഫ്. നയപ്രശ്നങ്ങളിൻമേൽ അന്തിമതീരുമാനമെടുക്കുന്നതിനുള്ള അവകാശം സംസ്ഥാന സമ്മേളനത്തിനായിരിക്കും.

ജി. ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള അധികാരം സംസ്ഥാന സമ്മേളനത്തിൽ നിക്ഷിപ്തമാണ്.

എച്ച്. പ്രവർത്തനറിപ്പോർട്ടും വരവുചെലവു കണക്കുകളും സംസ്ഥാന സമ്മേളനം അംഗീകരിക്കേണ്ടതുണ്ട്.

## III. ജില്ലാ സമ്മേളനം

എ. രണ്ട് ജില്ലാസമ്മേളനങ്ങൾക്കിടയിൽ ജില്ലയിൽ നടന്ന പ്രവർത്തനങ്ങളെപ്പറ്റി ജില്ലാസമ്മേളനം വിലയിരുത്തും.

ബി. ജില്ലാകമ്മിറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ജില്ലയിലെ തുടർന്നുള്ള പ്രവർത്തനങ്ങൾക്കു രൂപംനല്കുന്നതിനും സമ്മേളനത്തിന് അവകാശമുണ്ടായിരിക്കും.

സി. സമ്മേളനം പുതിയ ജില്ലാകമ്മിറ്റിയെയും സംസ്ഥാന സമ്മേളന പ്രതിനിധികളെയും തെരഞ്ഞെടുക്കും.

## IV. ഏരിയാ സമ്മേളനം

എ. ഏരിയായിൽ സമ്മേളന കാലയളവിൽ നടന്ന പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഭാവിപ്രവർത്തനങ്ങൾക്ക് രൂപം നല്കുകയും ചെയ്യും.

ബി. പുതിയ ഏരിയാ കമ്മിറ്റിയെയും ജില്ലാ സമ്മേളന പ്രതിനിധികളെയും തെരഞ്ഞെടുക്കും.

## V. ലോക്കൽ/മേഖലാ സമ്മേളനം

എ. ലോക്കൽ / മേഖലാ തലത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ലോക്കൽ / മേഖലാ കമ്മിറ്റിയെയും ഏരിയാ സമ്മേളന പ്രതിനിധികളെയും തെരഞ്ഞെടുക്കുകയും ചെയ്യും.

## VI. യൂണിറ്റ് സമ്മേളനം

എ. യൂണിറ്റിലെ എല്ലാ അംഗങ്ങൾക്കും യൂണിറ്റ് സമ്മേളനത്തിൽ പങ്കെടുക്കാൻ അവകാശം ഉണ്ടായിരിക്കും.

ബി. സമ്മേളനം യൂണിറ്റുതല പ്രവർത്തനങ്ങൾ വിലയിരുത്തുകയും യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയേയും ലോക്കൽ/മേഖലാ സമ്മേളനപ്രതിനിധികളെയും തെരഞ്ഞെടുക്കുകയും ചെയ്യും.

## വകുപ്പ് – 8

## കമ്മിറ്റികൾ

എ. രണ്ട് സമ്മേളനങ്ങൾക്കിടയിൽ ആ പ്രത്യേകതലത്തിലെ ഏറ്റവും ഉയർന്ന സമിതി ബന്ധപ്പെട്ട കമ്മിറ്റിയായിരിക്കും.

ബി. സമ്മേളന തീരുമാനങ്ങൾ ബന്ധപ്പെട്ട കമ്മിറ്റികൾ നടപ്പിലാക്കണം.

സി. കമ്മിറ്റിയിൽ പ്രസിഡന്റ് അദ്ധ്യക്ഷത വഹിക്കുന്നതും പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റും പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും അഭാവത്തിൽ കമ്മിറ്റി തീരുമാനിക്കുന്ന ഒരു അംഗവും അദ്ധ്യക്ഷത വഹിക്കുന്നതുമാണ്.

ഡി. കമ്മിറ്റിയിലുണ്ടാകുന്ന ഒഴിവുകൾ ആവശ്യമെങ്കിൽ സംസ്ഥാന കമ്മിറ്റി കോ–ഓപ്ഷൻ വഴി നികത്തുന്നതും കീഴ് കമ്മിറ്റികൾ സംസ്ഥാന കമ്മിറ്റിയുടെ അംഗീകാരത്തോടെ കോ–ഓപ്ഷൻ വഴി നികത്താവുന്നതുമാണ്.

ഇ. കമ്മിറ്റിയുടെ ഹാജരിൽ പകുതിയിലധികം അംഗങ്ങൾ യോജിക്കുന്ന അഭിപ്രായമായിരിക്കും കമ്മിറ്റിയുടെ തീരുമാനം.

എഫ്. സാധാരണഗതിയിൽ കമ്മിറ്റിചേരുന്നതിന്റെ അറിയിപ്പ് ഏഴ് ദിവസങ്ങൾക്കു മുമ്പ് അംഗങ്ങൾക്ക് ലഭിക്കത്തക്ക തരത്തിൽ നല്കേണ്ടതും അടിയന്തര ഘട്ടത്തിൽ ഈ കാലയളവ് ബാധകമല്ലാത്തതുമാണ്.

ജി. ഏതു ഘടകവും ആ ഘടകത്തിലെ മൂന്നിലൊന്നിൽ കുറയാത്ത അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ രണ്ടാഴ്ചയ്ക്കകം വിളിച്ചു കൂട്ടേണ്ടതാണ്.

എച്ച്. കമ്മിറ്റി കൂടുന്നതിന്റെ അറിയിപ്പുകൾ പ്രസിഡന്റിന്റെ അംഗീകാരത്തോടെ സെക്രട്ടറി നല്കേണ്ടതാണ്.

## സംസ്ഥാനകമ്മിറ്റി

എ. സംസ്ഥാന സമ്മേളനം സംസ്ഥാന കമ്മിറ്റിയെ തെരഞ്ഞെടുക്കുന്നു.

ബി. രണ്ടു സംസ്ഥാന സമ്മേളനങ്ങൾക്കിടയിൽ സംഘടനയുടെ പരമാധികാര സ്ഥാപനമാണ് സംസ്ഥാന കമ്മിറ്റി.

സി. സംസ്ഥാന കമ്മിറ്റി സംസ്ഥാന ഭാരവാഹികളെയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെയും തെരഞ്ഞെടുക്കുന്നു.

ഡി. സംസ്ഥാന സമ്മേളന തീരുമാനങ്ങൾ നടപ്പാക്കുകയെന്നതാണ് സംസ്ഥാന കമ്മിറ്റിയുടെ ഉത്തരവാദിത്വം.

ഇ. രണ്ടുമാസത്തിലൊരിക്കലെങ്കിലും സംസ്ഥാന കമ്മിറ്റി യോഗം ചേരേണ്ടതാണ്. സംസ്ഥാനത്തെ സംഘടനാ പ്രവർത്തനങ്ങൾക്കും

സമരപ്രക്ഷോഭപ്രവർത്തനങ്ങൾക്കും രൂപം നല്കേണ്ടതും നേതൃത്വം നല്കേണ്ടതും സംസ്ഥാന കമ്മിറ്റിയാണ്.

എഫ്. ജില്ലാ, ഏരിയാ, ലോക്കൽ/മേഖല, യൂണിറ്റ് കമ്മിറ്റികളുടെ പ്രവർത്തനമേഖല തീരുമാനിച്ചു നല്കേണ്ട ചുമതല സംസ്ഥാന കമ്മിറ്റിക്കായിരിക്കും.

ജി. പ്രവർത്തനങ്ങളുടെ സൗകര്യാർത്ഥം സബ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് സംസ്ഥാന കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.

എച്ച്. കീഴ് കമ്മിറ്റികളുടെയോ അംഗങ്ങളുടെയോ പരാതികളിന്മേൽ അപ്പീൽ അധികാരിയായി സംസ്ഥാന കമ്മിറ്റി പ്രവർത്തിക്കേണ്ടതാണ്.

ഐ. സംഘടനാപ്രവർത്തനത്തിന്റെ ഭാഗമായി പ്രസിദ്ധീകരണങ്ങൾ നടത്തുന്നതിന് സംസ്ഥാന കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.

ജെ. സംസ്ഥാന സമ്മേളനത്തിൽ വച്ച് ഭരണഘടനാഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് സംസ്ഥാന കമ്മിറ്റിയാണ്.

കെ. സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിക്കേണ്ട റിപ്പോർട്ടുകളും പ്രമേയങ്ങളും ഇതര രേഖകളും തയ്യാറാക്കേണ്ട ഉത്തരവാദിത്വം സംസ്ഥാന കമ്മിറ്റിക്കായിരിക്കും.

എൽ. സംസ്ഥാനത്തെ പി കെ എസിന്റെ എല്ലാ ഘടകങ്ങളും സംസ്ഥാനകമ്മിറ്റിയുടെ നിയന്ത്രണത്തിന് വിധേയമായിരിക്കും.

എം. സംസ്ഥാന കമ്മിറ്റിയുടെ തീരുമാനങ്ങൾ അന്തിമവും സംസ്ഥാന സമ്മേളനത്തിന്റെ മാത്രം പരിശോധനയ്ക്കു വിധേയവുമായിരിക്കും.

## സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി

1. പ്രസിഡന്റ്, മൂന്ന് വൈസ്പ്രസിഡന്റുമാർ, സെക്രട്ടറി, നാല് ജോയിന്റ് സെക്രട്ടറിമാർ, ഖജാൻജി, സംസ്ഥാന കമ്മിറ്റി തീരുമാനിക്കുന്ന മറ്റ് അംഗങ്ങൾ എന്നിവരടങ്ങിയ പതിനേഴിൽ അധികരിക്കാത്ത ഒരു സമിതിയാണ് സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി.
2. രണ്ട് സംസ്ഥാനകമ്മിറ്റികൾക്കിടയിലുള്ള കാലഘട്ടത്തിൽ സംസ്ഥാന കമ്മിറ്റിയുടെ ചുമതലകൾ നിർവ്വഹിക്കുകയും സംസ്ഥാന കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുകയുമാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കടമ.
3. സംഘടനയുടെ സംസ്ഥാന നേതൃ ഘടകമാണ് സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി.
4. അടിയന്തരഘട്ടങ്ങളിൽ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് സ്വയം തീരുമാനമെടുത്ത് നടപ്പാക്കാവുന്നതാണ്. എന്നാൽ തുടർന്ന് ചേരുന്ന സംസ്ഥാന കമ്മിറ്റിയുടെ അംഗീകാരം എക്സിക്യൂട്ടീവ് കമ്മിറ്റി നേടേണ്ടതാണ്.

5. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും സംസ്ഥാന എക്സി: കമ്മിറ്റി യോഗം ചേരേണ്ടതാണ്.

## ജില്ലാ കമ്മിറ്റി

1. ജില്ലാ സമ്മേളനം ജില്ലാ കമ്മിറ്റിയെ തെരഞ്ഞെടുക്കുന്നതാണ്.
2. സംസ്ഥാന കമ്മിറ്റി തീരുമാനങ്ങൾ ജില്ലയിൽ നടപ്പാക്കുന്നതിനു നേതൃത്വം വഹിക്കുക, ജില്ലയിൽ തനതായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുക എന്നിവയാണ് ജില്ലാ കമ്മിറ്റിയുടെ ചുമതലകൾ.
3. ജില്ലാ കമ്മിറ്റി ജില്ലാഭാരവാഹികളെയും എക്സി: കമ്മിറ്റി അംഗങ്ങളെയും തെരഞ്ഞെടുക്കും.
4. ജില്ലയിലെ എല്ലാ ഘടകങ്ങളെയും നയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ജില്ലാ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.
5. കീഴ്ഘടകങ്ങളുടെയോ അംഗങ്ങളുടെയോ പരാതിയിൻമേൽ ജില്ലാ കമ്മിറ്റികൾക്ക് അപ്പീൽ അധികാരമുണ്ടായിരിക്കും.
6. കീഴ്ഘടങ്ങളുടെ സംഘടനാപരമല്ലാത്ത നടപടികളിന്മേൽ പരാതിയുടെ അടിസ്ഥാനത്തിലോ സ്വമേധയായോ അന്വേഷണം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കമ്മിറ്റികൾക്ക് അധികാരമുണ്ടായിരിക്കും.
7. ജില്ലാ കമ്മിറ്റികൾ സ്വീകരിക്കുന്ന ശിക്ഷണ നടപടികൾ സംസ്ഥാന കമ്മിറ്റിയെ യഥാസമയം അറിയിക്കേണ്ടതും അംഗത്വത്തിൽനിന്നും പുറത്താക്കൽ പോലുള്ള ഗൗരവമുള്ള ശിക്ഷാനടപടികൾ നടപ്പാക്കുന്നതിനു മുൻപായി സംസ്ഥാന കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതുമാണ്.

## ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി

1. ജില്ലാ കമ്മിറ്റിയുടെ പ്രസിഡന്റ് , മൂന്ന് വൈസ്പ്രസിഡന്റുമാർ, സെക്രട്ടറി, നാല് ജോയിന്റ് സെക്രട്ടറിമാർ, ഖജാൻജി, ജില്ലാകമ്മിറ്റി തെരഞ്ഞെടുക്കുന്ന മറ്റ് അംഗങ്ങൾ എന്നിവരടങ്ങിയ പതിനഞ്ചിലധികരിക്കാത്ത ഒരു സമിതിയാണ് ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി.
2. മാസത്തിൽ ഒരു തവണയെങ്കിലും കമ്മിറ്റിയോഗം ചേരേണ്ടതാണ്.
3. രണ്ട് ജില്ലാ കമ്മിറ്റിയോഗങ്ങൾക്കിടയിൽ ജില്ലാ കമ്മിറ്റിയുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ജില്ലാ കമ്മിറ്റിയോഗ തീരുമാനങ്ങൾ നടപ്പാക്കുകയുമാണ് എക്സി: കമ്മിറ്റിയുടെ ചുമതല.

## ഏരിയാ കമ്മിറ്റി

1. ഒരു റവന്യൂ ജില്ലയ്ക്കുള്ളിൽ വരുന്നതും സംസ്ഥാന കമ്മിറ്റി തീരു

മാനിച്ചിട്ടുള്ളതുമായ ഒരു പ്രത്യേക പ്രദേശത്തെ ലോക്കൽ/മേഖലാ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ഉപരികമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുക എന്നതാണ് കമ്മിറ്റിയുടെ പ്രധാന ചുമതല.

2. ഏരിയാ സമ്മേളനം ഏരിയാ കമ്മിറ്റിയെ തെരഞ്ഞെടുക്കും.
3. ഏരിയാ കമ്മിറ്റി ഭാരവാഹികളെയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെയും ഏരിയാ കമ്മിറ്റി തെരഞ്ഞെടുക്കും.
4. മൂന്നാഴ്ചയിലൊരിക്കലെങ്കിലും കമ്മിറ്റി യോഗം ചേരേണ്ടതാണ്.

## ഏരിയാ എക്സിക്യൂട്ടീവ് കമ്മിറ്റി

1. ഏരിയാ കമ്മിറ്റിയുടെ പ്രസിഡന്റ്, രണ്ട് വൈസ്പ്രസിഡന്റുമാർ, സെക്രട്ടറി, മൂന്ന് ജോയിന്റ് സെക്രട്ടറിമാർ, ഖജാൻജി, ഏരിയാ കമ്മിറ്റി തെരഞ്ഞെടുക്കുന്ന മറ്റ് അംഗങ്ങൾ എന്നിവരടങ്ങിയ പതിമൂന്നിൽ അധികരിക്കാത്ത ഒരു സമിതിയാണ് ഏരിയാ എക്സിക്യൂട്ടീവ് കമ്മിറ്റി.
2. രണ്ട് ഏരിയാ കമ്മിറ്റികൾക്കിടയിൽ ഏരിയാകമ്മിറ്റിയുടെ ചുമതലകൾ എക്സിക്യൂട്ടീവ് കമ്മിറ്റി നിർവ്വഹിക്കുന്നതാണ്.

## ലോക്കൽ/ മേഖലാ കമ്മിറ്റി

1. ലോക്കൽ/മേഖലാ സമ്മേളനങ്ങൾ ഈ കമ്മിറ്റിയെ തെരഞ്ഞെടുക്കും.
2. അടിസ്ഥാന ഘടകമായ യൂണിറ്റ് കമ്മിറ്റിയുടെ തൊട്ടുമുകളിൽ പ്രവർത്തിക്കുന്ന ഘടകമാണ്.
3. യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലും ഉപരികമ്മിറ്റി തീരുമാനങ്ങൾ കൃത്യമായി നടപ്പാക്കുന്നതിലും നിർണ്ണായകമായ സ്ഥാനമാണ് ഈ കമ്മിറ്റിക്കുള്ളത്.
4. ലോക്കൽ/ മേഖലാ എക്സിക്യൂട്ടീവ് കമ്മിറ്റിയെ ഈ കമ്മിറ്റി തെരഞ്ഞെടുക്കുന്നു.
5. രണ്ടാഴ്ചയിലൊരിക്കലെങ്കിലും കമ്മിറ്റി യോഗം ചേരേണ്ടതാണ്.

## ലോക്കൽ/മേഖലാ എക്സിക്യൂട്ടീവ് കമ്മിറ്റി

1. പ്രസിഡന്റ്, രണ്ട് വൈസ്പ്രസിഡന്റ്മാർ, സെക്രട്ടറി രണ്ട് ജോയിന്റ് സെക്രട്ടറിമാർ, ഖജാൻജി, ലോക്കൽ/ മേഖലാ കമ്മിറ്റി തെരഞ്ഞെടുക്കുന്ന മറ്റ് അംഗങ്ങൾ എന്നിവരടങ്ങിയ ഒൻപതിൽ അധികരിക്കാത്ത ഒരു സമിതിയാണ് ലോക്കൽ/മേഖലാ എക്സിക്യൂട്ടീവ് കമ്മിറ്റി.
2. യൂണിറ്റ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഈ കമ്മിറ്റി നേതൃത്വം നല്കുന്നു.

## യൂണിറ്റ് കമ്മിറ്റി

1. യൂണിറ്റ് പ്രദേശത്തെ മുഴുവൻ പി കെ എസ് അംഗങ്ങളും ഉൾക്കൊള്ളുന്നതാണ് യൂണിറ്റ് കമ്മിറ്റി.

## യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി

1. യൂണിറ്റ് സമ്മേളനം യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുക്കുന്നു.
2. സംഘടനയുടെ ഏറ്റവും അടിത്തട്ടിൽ പ്രവർത്തിക്കുന്നതും ബഹുജനങ്ങളുമായി നേരിട്ട് ബന്ധം പുലർത്തുന്നതുമായ പ്രധാനപ്പെട്ട കമ്മിറ്റിയാണ്.
3. പ്രസിഡന്റ്, ഒരു വൈസ്പ്രസിഡന്റ്, സെക്രട്ടറി, രണ്ട് ജോയിന്റ് സെക്രട്ടറിമാർ യൂണിറ്റ് സമ്മേളനം തെരഞ്ഞെടുത്ത മറ്റ് അംഗങ്ങൾ ഉൾപ്പെടെ പതിനൊന്നിൽ അധികരിക്കാത്ത അംഗങ്ങളുള്ള ഒരു സമിതിയാണ്.

## വകുപ്പ് 9

## അച്ചടക്കനടപടി

എ. പി കെ എസിന്റെ ഏതു ഘടകവും സംഘടനയുടെ ഭരണഘടനാ തത്ത്വങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ അച്ചടക്കനടപടിക്കു വിധേയമാകും.

**നടപടി**

1 താക്കീത്
2. പരസ്യശാസന
3. പിരിച്ചുവിടൽ

ബി. പി കെ എസിന്റെ ഭരണഘടനാ തത്ത്വങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഏതൊരംഗത്തിനെയും അച്ചടക്കനടപടിക്കു വിധേയമാക്കാവുന്നതാണ്.

**നടപടി**

1. താക്കീത്
2. പരസ്യശാസന
3. തെരഞ്ഞെടുക്കപ്പെട്ട സ്ഥാനത്തുനിന്ന് നീക്കം ചെയ്യൽ
4. സസ്പെൻഷൻ
5. പുറത്താക്കൽ

സി. ഏതെങ്കിലും അംഗത്തിന്റെ പ്രവർത്തനം സംഘടനയുടെ ഭരണഘടനയുടെ തത്ത്വങ്ങൾക്ക് വിരുദ്ധമായാൽ പ്രസ്തുത അംഗത്തെ

അയാൾ അംഗമായ കമ്മിറ്റിക്കോ ഉപരിഘടകങ്ങൾക്കോ അച്ചടക്കനടപടിക്ക് വിധേയമാക്കാൻ അധികാരമുണ്ടായിരിക്കും.

ഡി. അച്ചടക്കനടപടി നേരിടുന്ന ഘടകത്തിനോ, അംഗത്തിനോ നടപടി കൈക്കൊള്ളുന്നതിനു മുൻപ് അവരുടെ ഭാഗം അച്ചടക്കനടപടി സ്വീകരിക്കുന്ന കമ്മിറ്റിക്കു മുൻപാകെ വിശദീകരിക്കാൻ അവകാശമുണ്ടായിരിക്കും.

ഇ. ഒരു അംഗത്തിന്റെ മേൽ കൈക്കൊള്ളുന്ന പുറത്താക്കൽ, സസ്പെൻഷൻ, തെരഞ്ഞെടുക്കപ്പെട്ട സ്ഥാനത്തുനിന്ന് നീക്കം ചെയ്യൽ എന്നീ ശിക്ഷണ നടപടികൾ തൊട്ടു മുകളിലുള്ള കമ്മിറ്റിയുടെ അംഗീകാരത്തോടെ മാത്രമേ നടപ്പിലാക്കാവൂ.

എഫ്. നടപടിക്കു വിധേയമായ ഘടകത്തിനോ അംഗത്തിനോ ഉപരികമ്മിറ്റിയുടെയും തുടർന്ന് സംസ്ഥാന കമ്മിറ്റിയുടെയും മുൻപാകെ അപ്പീൽ സമർപ്പിക്കുന്നതിന് അവകാശമുണ്ടായിരിക്കും.

ജി. ഭരണഘടനാ തത്ത്വങ്ങൾക്ക് വിരുദ്ധമായും ഗുരുതരമായ അച്ചടക്കലംഘനം നടത്തുകയും ചെയ്യുന്ന ഏതൊരു ഘടകത്തെയും പിരിച്ചുവിട്ട് ടി കമ്മിറ്റി പുനഃസംഘടിപ്പിക്കുവാൻ സംസ്ഥാന കമ്മിറ്റിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

## വകുപ്പ് 10

## ഭരണഘടനാ ഭേദഗതി

എ. ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള അധികാരം സംസ്ഥാന സമ്മേളനത്തിനു മാത്രമായിരിക്കും.

ബി. സംസ്ഥാന സമ്മേളനം ചേരുന്നതിന് മൂന്നുമാസങ്ങൾക്കുമുൻപ് സംസ്ഥാന കമ്മിറ്റി ഭേദഗതികൾ തയ്യാറാക്കി കീഴ്ഘടകങ്ങൾക്ക് അഭിപ്രായത്തിനായി നല്കേണ്ടതാണ്.

സി. കീഴ് ഘടകങ്ങളിൽനിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങളിൽ സംസ്ഥാന കമ്മിറ്റിക്ക് സ്വീകാര്യമായവകൂടി ഉൾപ്പെടുത്തി ഭേദഗതി നിർദ്ദേശം സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിക്കേണ്ടതാണ്.

ഡി. കീഴ്ഘടകങ്ങൾക്കും, അംഗങ്ങൾക്കും ഭരണഘടനാഭേദഗതികൾ നിർദ്ദേശിക്കാവുന്നതാണ്.

ഇ. കീഴ്ഘടകങ്ങളും അംഗങ്ങളും നല്കുന്ന ഭരണഘടനാഭേദഗതി നിർദ്ദേശങ്ങൾ നാലുമാസങ്ങൾക്കുമുൻപെങ്കിലും സംസ്ഥാന കമ്മിറ്റികൾക്ക് ലഭിച്ചിരിക്കേണ്ടതാണ്.

എഫ്. കീഴ്ഘടകങ്ങളും അംഗങ്ങളും നല്കുന്ന ഭരണഘടനാഭേദഗതി നിർദ്ദേശങ്ങൾ സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിക്കണമോ വേണ്ടയോ എന്നത് സംസ്ഥാന കമ്മിറ്റിക്കു തീരുമാനിക്കാവുന്നതാണ്.

## വകുപ്പ് 11

## അക്കൗണ്ട് & ഓഡിറ്റ്

എ. സംഘടനയുടെ പണം ദേശവൽക്കൃത/സഹകരണ ബാങ്കിലെ അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്.

ബി. സെക്രട്ടറി, ഖജാൻജി എന്നിവരുടെ സംയുക്ത അക്കൗണ്ടായിരിക്കണം.

സി. വരവുചെലവുകണക്കുകൾ പരിശോധിച്ച് ഘടകത്തെ അറിയിക്കുന്നതിന് ഓരോ ഘടകവും മൂന്നുപേരിൽ കുറയാത്ത ഒരു ആഡിറ്റ് സബ്കമ്മിറ്റിയെ തെരഞ്ഞെടുക്കേണ്ടതാണ്.

ഡി. ആഡിറ്റ് സബ്കമ്മിറ്റി മൂന്നുമാസത്തിലൊരിക്കൽ റിപ്പോർട്ട് കമ്മിറ്റിയിലവതരിപ്പിക്കേണ്ടതാണ്.

## വകുപ്പ് 12

## സംസ്ഥാന കമ്മിറ്റി ആഫീസ്

സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്ത് സംസ്ഥാന കമ്മിറ്റി ആഫീസ് പ്രവർത്തിക്കുന്നതാണ്.

## വകുപ്പ് 13

## ഫണ്ട്

എ. സംഘടനയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് അംഗങ്ങളിൽ നിന്നും പൊതു ജനങ്ങളിൽനിന്നും ശേഖരിക്കുന്നതാണ്. സംസ്ഥാന കമ്മിറ്റിയുടെ തീരുമാനത്തിനു വിധേയമായി മാത്രമേ ഏതൊരു ഘടകവും ഫണ്ടു ശേഖരണം പാടുള്ളൂ.

## വകുപ്പ് 14

## ചട്ടങ്ങളും നിർദ്ദേശങ്ങളും

സംഘടനയുടെയും ഉപസമിതികളുടെയും സുഗമമായ പ്രവർത്തനത്തിന് (ആവശ്യം വരുന്ന പക്ഷം) നിയമാവലിക്ക് വിരുദ്ധമാവാത്ത ചട്ടങ്ങളും നിർദ്ദേശങ്ങളും സംസ്ഥാന കമ്മിറ്റിക്ക് നിർമ്മിക്കാവുന്നതാണ്.

# pks

# പട്ടികജാതി ക്ഷേമസമിതി

## പരിപാടി ഭരണഘടന

ജാതീയമായ അടിച്ചമർത്തലിൽനിന്നും പീഡനങ്ങളിൽനിന്നും വർഗ്ഗചൂഷണത്തിൽ നിന്നും മുക്തമായ ഒരു സാമൂഹ്യവ്യവസ്ഥയ്ക്കായി പോരാടുന്ന പട്ടികജാതി ക്ഷേമസമിതിയുടെ ഭരണഘടനയും പരിപാടിയും.

ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം

വില: ₹ 20